# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3646 — 15.03.2018-ൽ മറുപടിക്ക്

## നാല് ശതമാനം പലിശയ്ക്ക് സ്വർണ്ണ പണയ വായ്പ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| കർഷകരെ സഹായിക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾ ലഭ്യമാക്കുന്നതുപോലെ 4% പലിശയ്ക്ക് സഹകരണ സംഘങ്ങൾ വഴി സ്വർണ്ണ പണയ വായ്പ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ ഹ്രസ്വകാല വിള വായ്പകൾക്ക് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി സ്വർണ്ണം ഈടായി സ്വീകരിച്ച് 7% പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകിവരുന്നു. പ്രസ്തുത വായ്പയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വിള വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡി ലഭ്യമാക്കി വായ്പാക്കാരന് പൊതുമേഖലാ ബാങ്കുകൾ പോലെ 4% പലിശയ്ക്ക് സ്വർണ്ണപ്പണയ വായ്പകൾ ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ